## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 192 17/02/2016-ൽ മറുപടിക്ക്

# താപനിലയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>,, ഇ.കെ. വിജയൻ<br>,, ചിറ്റയം ഗോപകുമാർ<br>,,വി.ശശി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ. എസ് താപനിലയവുമായി എത്ര വർഷത്തേയ്ക്കാണ് കരാറിൽ ഏർപ്പെട്ടത് ; കരാറിന്റെ കാലാവധി അവസാനിക്കുന്നത് എന്ന്; കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് (ബി.കെ.പി.എൽ) എന്ന സ്ഥാപനം കൊച്ചിയിൽ 165 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു താപവൈദ്യുത നിലയം സ്ഥാപിച്ചിട്ടുള്ളതും, കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേരളത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി (ബി.കെ.പി.എൽ) 3/05/1999-ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതു മുതൽ (Date of Commercial Operation-COD) 15 വർഷകാലത്തേക്കാണ് കരാർ ഉണ്ടായിരുന്നത്. ആയത് 31/10/2015-ൽ അവസാനിച്ചു. പ്രസ്തുത കരാർ അനുസരിച്ച് പ്രതിമാസം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ഇന്ധന ചെലവിനു പുറമെ, ഫിക്സഡ് ചാർജ്ജും കൂടി നൽകേണ്ടതാണ് എന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. കരാർ പ്രകാരം വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാതെ വരുന്ന സാഹചര്യത്തിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തി കൊണ്ടുപോകുന്നതിനും ചെലവായ തുക ആനുപാതികമായി ഉല്പാദകന് ലഭിക്കാൻ വേണ്ടിയാണ് ഇത്തരമൊരു നിബന്ധന ഇന്ത്യാ ഗവൺമെന്റ് പുറത്തിറക്കിയ മാർഗ്ഗ രേഖകളിലുള്ള രീതിയിൽ വൈദ്യുതി വാങ്ങൽ കരാറിൽ ഉൾപ്പെടുത്തിയത്. |

| | |
|---|---|
| | വൈദ്യുതി നിലയം പ്രവർത്തനക്ഷമമാക്കി നിലനിൽക്കുകയും എന്നാൽ വൈദ്യുതി വാങ്ങൽ കരാർ ചെയ്ത സ്ഥാപനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ഉല്പാദനം നിർത്തിവെയ്ക്കുകയും അല്ലെങ്കിൽ നിയന്ത്രിത അളവിൽ പ്രവർത്തിപ്പിക്കുകയും ആണെങ്കിൽ ഫിക്സഡ് ചാർജ്ജ് നൽകേണ്ടതാണ്.<br>നിലവിലുണ്ടായിരുന്ന കരാർ പ്രകാരം ഇരു കക്ഷികളും തയ്യാറാകുന്ന പക്ഷം കരാർ അടുത്ത് 10 വർഷകാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി വീണ്ടും പുതുക്കാവുന്നതാണ്. കൂടാതെ 15 വർഷത്തിനുശേഷമുള്ള ഫിക്സഡ് ചാർജ്ജ് കമ്പനിയും ബോർഡും കൂടി ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. |
| (ബി) പ്രസ്തുത കരാർ പ്രകാരം ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം നൽകിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) കരാർ കാലാവധിയിൽ വൈദ്യുതി ഉപയോഗിക്കാത്ത സമയത്തും ഫിക്സഡ് ചാർജ്ജ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ വൈദ്യുതി വാങ്ങുന്ന ആൾക്ക് വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനും നിലനിർത്തി കൊണ്ടു പോകുന്നതിനും ചെലവായ തുക ആനുപാതികമായി ഫിക്സഡ് ചാർജ്ജായി നൽകണമെന്ന കരാർ വ്യവസ്ഥ പ്രകാരം കഴിഞ്ഞ നാലര വർഷം ബി.കെ.പി.എൽ-ന് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ നൽകിയ തുക താഴെ പറയും പ്രകാരമാണ്. |

| വർഷം | ലാൻഡ് ലീസ് ചാർജ്ജ് ഉൾപ്പെടെ ഫിക്സഡ് ചാർജ്ജ് ( കോടി രൂപയിൽ) |
|---|---|
| 04/2011 - 03/2012 | 88.70 |
| 04/2012- 03/2013 | 95.21 |
| 04/2013- 03/2014 | 85.79 |
| 04/2014 - 03/2015 | 71.19 |
| 04/2015- 10/2015 | 42.86 |

(സി) കരാർ പുതുക്കുന്നതിനുള്ള നടപടി കളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കാണ് പുതുക്കാനുദ്ദേശി ക്കുന്നത് എന്നു വ്യക്തമാക്കുമോ?

(സി) ഉണ്ട്. ബി.കെ.പി.എൽ പ്ലാന്റിലെ ഇന്ധനം നാഫ്തയാക്കി നിലനിർത്തി കൊണ്ട്, ചില നിബന്ധ നകൾക്ക് വിധേയമായി വൈദ്യുതി വാങ്ങൽ കരാർ രണ്ട് വർഷത്തേയ്ക്ക് കൂടി നീട്ടാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. പുതിയ വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സർക്കാരിന്റെയും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെയും അനുമതി ലഭിക്കേണ്ട താണ്. കരാർ പുതുക്കുന്നത് സംബന്ധിച്ച് കെ. എസ്.ഇ.ബി.യിൽ നിന്ന് ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ